



www.facebook.com/palakkadpolice
www.twitter.com/DpcPalakkad


# 40 ലിറ്റർ വിദേശമദ്യവുമായി യുവാവ് പിടിയിൽ

അനധികൃതമായി വിൽപ്പന നടത്താൻ കാറിൽ കടത്തിയ 40 ലിറ്റർ വിദേശമദ്യം പോലീസ് പിടികൂടി. ചിറ്റൂർ, അത്തിക്കോട്, നെല്ലുത്തുപ്പാറ സ്വദേശി **അരുൺ** വ:37 നെ പാലക്കാട് ട:ൗൺ സ:ൗത്ത് പോലീസ് അറസ്റ്റു ചെയ്തു.

നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പാലക്കാട് ഡാൻസാഫ് സ്ക്വാഡും , ട:ൗൺ സ:ൗത്ത് പോലീസും സംയുക്തമായി നടത്തിയ പ്രത്യേക പരിശോധനയിലാണ് അനധികൃത മദ്യക്കടത്ത് പിടികൂടിയത്.അരലിറ്ററിന്റെ 80 കുപ്പി ബ്രാണ്ടിയാണ് അനധികൃത വിൽപ്പനക്കായി കാറിൽ കടത്തിയത്.

## 40 ലിറ്റർ വിദേശമദ്യവുമായി യുവാവ് പിടിയിൽ

പാലക്കാട്: അനധികൃതമായി വിൽപ്പന നടത്താൻ കാറിൽ കടത്തിയ 40 ലിറ്റർ വിദേശമദ്യവുമായി യുവാവ് പിടിയിൽ. ചിറ്റൂർ അത്തിക്കോട് നെല്ലുത്തുപ്പാറ സ്വദേശി അരുണിനെ(37) ആണ് പാലക്കാട് ടൗൺ സൗത്ത് പോലീസ് അറസ്റ്റു ചെയ്തത്.

നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് പാലക്കാട് ഡാൻസാഫ് സ്ക്വാഡും ടൗൺ സൗത്ത് പോലീസും സംയുക്തമായി നടത്തിയ പ്രത്യേക പരിശോധനയിലാണ് അനധികൃത മദ്യക്കടത്ത് പിടികൂടിയത്. കഴിഞ്ഞദിവസം രാത്രി പാലക്കാട് ഐ.എം.എ. ജങ്ഷനിൽ വെച്ചാണ് കാർ പിടികൂടിയത്. അരലിറ്ററിന്റെ 80 കുപ്പി ബ്രാണ്ടിയാണ് കാറിൽ ഉണ്ടായിരുന്നത്.

യഥാർഥ വിലയേക്കാൾ അമിത ലാഭം ഈടാക്കിയാണ്



• പിടികൂടിയ മദ്യം.

വിൽപന നടത്തുന്നത്. ബീവറേജസ് ജീവനക്കാരുടെ ഒത്താശയോടെയാണ് ഇത്രയും അധികം മദ്യം അനധികൃതമായി ബ്ലാക്കിൽ നൽകിയതെന്ന് വിവരം ലഭിച്ചിട്ടുണ്ടെന്നും വരും ദിവസങ്ങളിൽ പരിശോധന ഊർജ്ജിതമാക്കുമെന്നും പോലീസ് അറിയിച്ചു.

• പ്രതി അരുൺ

ജില്ലാ പോലീസ് മേധാവി ആർ. വിശ്വനാഥിന്റെ നിർദേശത്തെ തുടർന്ന് പാലക്കാട് നർക്കോട്ടിക് സെൽ ഡിവൈ.എസ്.പി. സി.ഡി. ശ്രീനിവാസൻ, പാലക്കാട് ഡിവൈ.എസ്.പി. വി.കെ. രാജു എന്നിവരുടെ നേതൃത്വത്തിൽ പാലക്കാട് സൗത്ത് സബ് ഇൻസ്പെക്ടർ ശ്രീജിത്ത്, സി.പി.ഒ. സജീന്ദ്രൻ, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ആർ. കിഷോർ, കെ. അഹമ്മദ് കബീർ, ആർ. രാജീദ്, എസ്. ഷനോസ് എന്നിവരടങ്ങിയ സംഘമാണ് മദ്യക്കടത്ത് പിടികൂടിയത്.

പാലക്കാട് ജില്ലാ പോലീസ് മേധാവി R. വിശ്വനാഥ് IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് പാലക്കാട് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസൻ , പാലക്കാട് DySP V. K. രാജു എന്നിവരുടെ നേതൃത്വത്തിൽ , പാലക്കാട് സൗത്ത് സബ് ഇൻസ്പെക്ടർ ശ്രീജിത്ത്, CPO സജീന്ദ്രൻ ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ R. കിഷോർ, K. അഹമ്മദ് കബീർ, R. രാജീദ്, S.ഷനോസ് എന്നിവരടങ്ങിയ സംഘമാണ് മദ്യക്കടത്ത് പിടികൂടിയത്.

.............................................................................................................................................

